## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 59** **26.04.2017-ൽ മറുപടിക്ക്**

**എല്ലാ വീട്ടിലും വൈദ്യുതിയെന്ന പദ്ധതി**

| | ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ :<br>ശ്രീ. എ.പി. അനിൽ കുമാർ :<br>ശ്രീ റോജി എം. ജോൺ :<br>ശ്രീ. വി.പി.സജീന്ദ്രൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | എല്ലാ വീട്ടിലും വൈദ്യുതിയെന്ന പദ്ധതി ഫലപ്രദമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 2017-ൽ കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുക, ധന സ്രോതസ്സുകൾകണ്ടെത്തുക, വിതരണ ശ്രുംഖല വിപുലീകരിക്കാൻ സാധ്യമായ സ്ഥലങ്ങളിലെല്ലാം ആവിധത്തിലും, ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതി ഉത്പാദനവും വിതരണവും വഴിയും വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഗുണഭോക്താക്കൾക്ക് ആയതിനുള്ള ധന സ്രോതസ്സ് കണ്ടെത്താൻ സഹായിക്കുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ സാമൂഹിക ഉന്നമനത്തിനായി ഒരു ബ്രഹത്പദ്ധതിയാണ് സമ്പൂർണ്ണ വൈദ്യുതീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ വൈദ്യുതി എത്തിയിട്ടില്ലാത്ത ഉൾനാടൻ ഗ്രാമങ്ങൾ, വനാന്തരമേഖലകൾ, ഒറ്റപ്പെട്ട മേഖലകൾ എന്നിവയിൽ വസിക്കുന്ന ജന വിഭാഗങ്ങൾക്ക് കൂടി വൈദ്യുതി ലഭ്യമാക്കുന്നതിലേക്ക സൗരോർജ്ജ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഇതിനായി വിപുലമായ സംവിധാനങ്ങൾ KSEBL ഏർപ്പെടുത്തി. സെക്ഷൻ ഓഫീസ് വഴിയും ജനപ്രതിനിധികൾ മുഖേനയും ഗുണഭോക്താക്കൾക്ക് അപേക്ഷ സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. കൂടാതെ കെ.എസ്.ഇ.ബി. യുടെ "Customer Care Centre" ലേക്ക് അപേക്ഷകർ Missed Call നൽകുമ്പോൾ ഓപ്പറേറ്റർതിരികെ വിളിച്ച് അപേക്ഷ രജിസ്റ്റർ ചെയ്യുക എന്ന രീതിയും നടപ്പിലാക്കി. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലൂടെ 31.03.2017 വരെ 1,51,875 ഗുണഭോക്താക്കൾ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | "എല്ലാ വീടുകളിലും വൈദ്യുതി എത്തുന്ന ആദ്യത്തെ സംസ്ഥാനമാകും കേരളം" എന്ന പ്രഖ്യാപനം എന്നു നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; | (സി) | 31.03.2017-നു മുൻപ് ലഭിച്ച അപേക്ഷകളിൽ വനത്തിനുള്ളിൽകൂടി വൈദ്യുതി ലൈൻ വലിക്കേണ്ടുന്ന സാഹചര്യങ്ങളിൽവനം വകുപ്പിന്റെ അനുമതി ലഭിച്ച് ഒരു മാസത്തിനുള്ളിലും, മറ്റു വസ്തു ഉടമകളുടെ എതിർപ്പ് നിലനിൽക്കുന്ന സാഹചര്യങ്ങളിൽ അധികാരപ്പെട്ട റവന്യൂ ഉദ്യോഗസ്ഥന്റെ അനുമതിലഭിച്ച് ഒരാഴ്ചക്കുള്ളിലും വയറിംഗ് പൂർത്തിയാകാത്ത വീടുകളിൽ ആയത് പൂർത്തിയാകുന്ന മുറയ്ക്കും കണക്ഷനുകൾ നൽകാനാകുമെന്ന് കണക്കാക്കുന്നു.<br>പദ്ധതി കാലാവധി തീരുന്നതിന് തൊട്ടുമുൻപായി (മാർച്ച് 2017 അവസാനത്തോട് കൂടി) 30000 ത്തോളം അപേക്ഷകൾ അധികമായി ലഭിച്ചിരുന്നതിനാലും മാർച്ച് മാസത്തിലെ ഏതാനും ആഴ്ചകളിൽ അപ്രതീക്ഷിതമായി പ്രതികൂലമായ കാലാവസ്ഥ സംജാതമായതിനാലും ഇതിനകം നൽകാൻ സാധിക്കാത്ത കണക്ഷനുകളും വരുന്ന ഏതാനും ദിവസങ്ങൾക്കുള്ളിൽ നല്കാനാകുമെന്നു പ്രതീക്ഷിക്കുന്നു. |
| (ഡി) | രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള വൈദ്യുതി എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | കടുത്ത വരൾച്ചയെ തുടർന്ന് ഈ വേനൽകാലത്ത് വൈദ്യുത ലഭ്യതയിൽ കുറവ് വന്നിട്ടുണ്ടെങ്കിലും, സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിടുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ആണെന്നതിനാലും, മെച്ചപ്പെട്ടതും വൈദ്യുത ഉപഭോഗം കുറച്ചുമാത്രം ആവശ്യമുള്ള LED |

| | | | |
|---|---|---|---|
| | | | ബൾബുകളും മറ്റും ഗുണഭോക്താക്കൾ ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും, പ്രസ്തുത പദ്ധതിമൂലം വരുന്ന അധിക വൈദ്യുത ഉപഭോഗം താരതമ്യേന കുറവായിരിക്കുമെന്നും അതിനാൽ വൈദ്യുത ലഭ്യതയിൽ വന്ന കുറവ് പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.<br>ഓഫ് ഗ്രിഡ് പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി സൗരോർജ്ജ പ്ലാന്റ് വീടുകളിൽ സ്ഥാപിച്ച് സ്വയം പര്യാപ്തത ഭവനങ്ങൾ കണ്ടെത്താനും ഉദ്ദേശിക്കുന്നു. |

Hemalatha.

സെക്ഷൻ ഓഫീസർ